നം. 20/2017/SRG/CC

## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.07.2017-ൽ നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പമന്ത്രിയുടെ ചേംബറിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ വിവരം ഹാജർ രജിസ്റ്റർ പ്രകാരം .

1. **<u>പദ്ധതി നിർവഹണം</u>**

1.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം യോഗം അവലോകനം ചെയ്തു. 26.07.2017 വരെ ആകെ 8.85 ശതമാനമാണ് പദ്ധതി ചെലവ്. എന്നാൽ ട്രഷറികളിൽ സമർപ്പിച്ച ബിൽ അനുസരിച്ച് 11.05 ശതമാനം ചെലവ് വരേണ്ടതാണ്. ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്മാരും തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരും ട്രഷറികളുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട ബില്ലുകൾ പാസ്സാക്കി എടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

(നടപടി:- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ് )

1.11 നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രോജക്റ്റുകളുടെ വെറ്റിംഗും സാങ്കേതികാനുമതിയും നൽകുന്ന നടപടികൾ 05.08.2017-നകം പൂർത്തിയാക്കണം.

(നടപടി:-ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ് )

I.III തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഴ്ചതോറുമുള്ള പദ്ധതി ചെലവ് തദ്ദേശഭരണ വകുപ്പിന്റെ സൈറ്റിൽ ലഭ്യമാക്കണം. ഇപ്പോൾ ആകെയുള്ള ചെലവാണ് കാണിക്കുന്നത്. ഇതിന് പകരം പദ്ധതി പുരോഗതി റിപ്പോർട്ട് ചെയ്യുന്ന ആഴ്ചയിലെ ചെലവ്, ആകെ ചെലവ് എന്ന രീതിയിൽ പദ്ധതി പുരോഗതി ലഭ്യമാക്കണം. കൂടാതെ തന്മാസ ചെലവ്, തന്മാസത്തിനു മുൻപുള്ള ചെലവ്, ആകെ ചെലവ് എന്ന രീതിയിൽ പദ്ധതി പുരോഗതി റിപ്പോർട്ട് സൈറ്റിൽ ഇടണം.

(നടപടി:-എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

I.IV തദ്ദേശഭരണ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പ മേധാവികളെ പങ്കെടുപ്പിച്ചുകൊണ്ട് 31.07.2017-ൽ പദ്ധതി പുരോഗതി പ്രത്യേകമായി അവലോകനം ചെയ്യാൻ തീരുമാനിച്ചു.

(നടപടി:– തദ്ദേശസ്വയംഭരണ(എഫ്.എം.) വകുപ്പ് )

<u>2.പൊതുവിഷയങ്ങൾ</u>

**2.1** എല്ലാ സർക്കാർ സ്കൂളുകളിലും യൂറിനലുകളും ടോയ് ലറ്റും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി പണിതതിനുശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും ഇത്തരം സൗകര്യമൊരുക്കാവുന്നതാണ് എന്ന് മാർഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ എയ്ഡഡ് സ്കൂളുകളിലെ യൂറിനലുകളും ടോയ് ലറ്റുകളും തദ്ദേശഭരണസ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. അതിനാൽ ഇവയ്ക്കുവേണ്ടിയുള്ള പ്രോജക്ടുകൾ വെറ്റ ചെയ്ത് സാങ്കേതിക അനുമതി നൽകാൻ തടസ്സം നേരിടുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഇല്ലായെങ്കിലും മുകളിൽ പറഞ്ഞ നിബന്ധനയ്ക്ക വിധേയമായി എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ യൂറിനലുകളും ടോയ് ലറ്റുകളും സ്ഥാപിക്കാവുന്നതാണ്. ഇതിനുള്ള ക്രമീകരണം ഐ.കെ.എം. സോഫ്റ്റ് വെയറിൽ വരുത്തണം.

(നടപടി:–1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ.ഐ.കെ.എം

**2.2** ലോകബാങ്ക് വിഹിതമുപയോഗിച്ചുള്ള പ്രോജക്ടുകൾ 30.09.2017-നകം പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2016-17-ലെ നീക്കിയിരുപ്പുതുക അധികമായി അനുവദിക്കുന്നതാണെന്നും പദ്ധതികൾ ഇല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ എത്രയും വേഗം പൂർത്തിയാക്കാവുന്ന പുതിയ പ്രോജക്ടുകൾ എടുത്ത് 30.09.2017 നകം പൂർത്തിയാക്കണമെന്നും തദ്ദേശമിത്രം പ്രോജക്ട ഡയറക്ടർ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിച്ചിട്ടുണ്ട്. പുതിയ പ്രോജക്ടുകൾ എടുത്ത് 30.09.17 നകം പൂർത്തിയാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പൂർത്തീകരണത്തിന് 31.12.2017 വരെ സമയം അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

നടപടി:-1) തദ്ദേശസ്വയംഭരണ (എഫ്.എം,ഡി.എ) വകുപ്പ്

2) ധനകാര്യ വകുപ്പ്

**2.3 2017-18 വാർഷിക പദ്ധതി ഭേദഗതി**

വാർഷിക പദ്ധതി അംഗീകാര സമയത്ത് ജില്ലാ ആസൂത്രണ സമിതി നിർദ്ദേശിച്ച ഭേദഗതികൾ സാദ്ധ്യമാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ വരുത്തി വിന്യസിച്ചിട്ടുണ്ട്. 2017-18 വാർഷിക പദ്ധതിയിൽ താഴെപ്പറയുന്ന ഭേദഗതികൾ മാത്രമേ നടത്താൻ പാടുള്ളൂ.

(i) ജില്ലാ ആസൂത്രണസമിതി നിരസിച്ച പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ

(ii) ജില്ലാ ആസൂത്രണസമിതി ഭേദഗതി നിർദ്ദേശിച്ച പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയോ പകരം പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യൽ

(iii) വെറ്റിംഗ് ഓഫീസർ/ജില്ലാതല അപ്പീൽ കമ്മിറ്റി നിരസിച്ച പ്രോജക്ടുകൾക്ക് പകരം പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കൽ.

(iv) വെറ്റിംഗ് ഓഫീസർ/ജില്ലാതല അപ്പീൽ കമ്മിറ്റി നിർദ്ദേശിച്ച പ്രോജക്ടുകൾ ഭേദഗതി ചെയ്യുകയോ പകരം പ്രോജക്ട് ഏറ്റെടുക്കുകയോ ചെയ്യൽ

(v) 2016-17 ന് മുമ്പുള്ള സ്പിൽഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ 2017-18-ലെ ബജറ്റ് വിഹിതം/ തനത് ഫണ്ട് വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ടുകൾ.

(vi) പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത് നിർദ്ദിഷ്ട ഫോറത്തിൽ അല്ലായെങ്കിൽ ശരിയായ ഫോറം ഉപയോഗിക്കുന്നതിനുള്ള ഭേദഗതി.

(vii) മുമ്പ് നിർമ്മാണം തുടങ്ങി പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണത്തിനു വേണ്ടിയുള്ള പ്രോജക്ടുകൾ. ഇനി നൽകേണ്ട ഗഡുക്കൾക്ക് ആനുപാതികമായി പുതിയ നിരക്കിൽ തുക നൽകാവുന്നതാണ്.

(viii) ഹരിത കേരള മിഷനുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നതാണ്. ഇതടക്കം സർക്കാർ നിർദ്ദേശിക്കുന്ന ഭേദഗതികൾ/ പ്രോജക്ടുകൾ ഉൾപ്പെടുത്താൻ അനുമതി നൽകാവുന്നതാണ്.

1നടപടി:-തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

(ix) മേൽ പറഞ്ഞ ഭേദഗതികൾ സാധ്യമാക്കുന്നതിന് അനിവാര്യമായ മറ്റ് ഭേദഗതികളും ആകാവുന്നതാണ്. ഉദാഹരണത്തിന് ജില്ലാ ആസൂത്രണസമിതി നിർദ്ദേശിച്ചത് പ്രകാരം ഒരു പ്രോജക്ടിന്റെ വിഹിതം വർദ്ധിപ്പിക്കേണ്ടതുണ്ടെങ്കിൽ മേഖലാ നിബന്ധനകൾക്കനുസൃതമായി അംഗീകാരം ലഭിച്ച പ്രോജക്ടുകൾ/ പ്രോജക്ടുകളിൽ

നിന്ന് വിഹിതം കണ്ടെത്തി വകയിരുത്തേണ്ടതാണ്. അതുപോലെ വിട്ടുപോയ സ്പിൽഓവർ പ്രോജക്ടുകൾ കൂട്ടിച്ചേർക്കുമ്പോൾ 2017-18 വാർഷിക പദ്ധതി ഭേദഗതി ചെയ്ത് വിഹിതം കണ്ടെത്തി വകയിരുത്തണം.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്
2) ചീഫ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം,
സംസ്ഥാന ആസൂത്രണ ബോർഡ്)
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം

**മുകളിൽ പറഞ്ഞ ഭേദഗതികൾ 15.09.2017-നു മുൻപ് പൂർത്തിയാക്കണം**

**2.4 പുതിയ** മാർഗ്ഗരേഖപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നൽകിയതിനുശേഷമാണ് പ്രോജക്ടുകൾ വെറ്റിംഗിനു നൽകേണ്ടത്. വാർഷിക പദ്ധതി ഭേദഗതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഡി.പി.സി അംഗീകാരത്തിനു നൽകുന്നുണ്ട്. ഇത്തരം പ്രോജക്ടുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വെറ്റുചെയ്തതിനുശേഷമാണ് ഡി.പി.സിക്ക് അംഗീകാരത്തിനു സമർപ്പിക്കേണ്ടത്. ഇതനുസരിച്ച് സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്.

(നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ,ഐ.കെ.എം

**2.5** നിർമ്മാണ പ്രോജക്ടുകൾക്ക് VAT, സർവീസ് ടാക്സ് എന്നിവയ്ക്കു പകരമായി 01.07.2017 മുതൽ GST പ്രാബല്യത്തിൽ വന്നു. ഇതു സംബന്ധിച്ച് വിശദമായ സർക്കുലർ നികുതി വകുപ്പിൽ നിന്ന് ഇറക്കേണ്ടതുണ്ട്. ഏതൊക്കെ കാര്യങ്ങളിലാണ് വ്യക്തത വേണ്ടതെന്നും സർക്കുലറിൽ ഏതൊക്കെ കാര്യങ്ങൾ പ്രതിപാദിക്കണമെന്നതും സംബന്ധിച്ച വിശദമായ കുറിപ്പ് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചീയർ അടിയന്തിരമായി തദ്ദേശ സ്വയംഭരണ സെക്രട്ടറി മുഖേന നികുതി വകുപ്പിന് നൽകണം.

(നടപടി:-1) തദ്ദേശസ്വയംഭരണ(ഇ. ഡബ്ല്യൂ) വകുപ്പ്
2) ചീഫ് എഞ്ചിനീയർ,
തദ്ദേശസ്വയംഭരണ വകുപ്പ്

**2.6** ജില്ലയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇ- ടെണ്ടറിന്റെ ഫോറത്തിന്റെ വില,നിരതദ്രവ്യം മുതലായവ തദ്ദേശഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മാത്രമേ ഈ ആവശ്യത്തിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതിയുള്ളൂ

എന്നതിനാലാണ് ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് പോകുന്നത്. അതിനാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകാൻ തീരുമാനിച്ചു.

(നടപടി:- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)

**2.7** കുടുംബശ്രീ അംഗങ്ങളെ ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്ന തദ്ദേശഭരണസ്ഥാപനങ്ങളിൽ, മാലിന്യം നിർമ്മാർജ്ജന പ്രവൃത്തികൾക്ക് ഗുഡ്സ് ഓട്ടോ വാങ്ങുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു. ഇതിന്റെ ഉടമസ്ഥതാവകാശം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

(നടപടി:-തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്)

**2.8** കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017-ലെ യോഗ തീരുമാന പ്രകാരം (ഖണ്ഡിക 2.8) 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളുടെ നിർമ്മാണവും , അറ്റകുറ്റ പ്രവൃത്തികളും ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടത്തുന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതല പ്പെടുത്തിയിരുന്നു.

സുഗമമായ ഗതാഗത സൗകര്യത്തിനും വളർന്നു വരുന്ന ഗതാഗത സാന്ദ്രതയും കണക്കിലെടുക്കുമ്പോൾ ഇരുവരി പാത നിർമ്മിക്കുന്നതിന് കുറഞ്ഞത് 6 മീറ്റർ വീതി അനിവാര്യമാണ്. ബസ്, ലോറി പോലുള്ള ഹെവി മോട്ടോർ വാഹനങ്ങളുടെ സഞ്ചാരത്തിനും ഗതാഗത വേഗതയും സുരക്ഷിതത്വവും പരിഗണിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾക്ക് മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള 6 മീറ്റർ വീതി തുടരുന്നതാണ് നല്ലതെന്ന് ചീഫ് എഞ്ചിനീയർ 26.07.2017-ലെ DB.3/753/12/CE/തസ്വഭവ കത്തു പ്രകാരം റിപ്പോർട്ടു ചെയ്തു. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തു കൾക്ക് നടപ്പാക്കാവുന്ന റോഡുകളുടെ കുറഞ്ഞ വീതി 6 മീറ്റർ ആയിരിക്കണമെന്ന സർക്കാർ ഉത്തരവും പുനഃപരിശോധിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

നടപടി : തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

**2.9** കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017-ലെ തീരുമാനപ്രകാരം (ഖണ്ഡിക 3.24) തദ്ദേശഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്ന സമയത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്ക ണമെന്നു സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയം

ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തിയിരുന്നു. നിലവിലെ സ്ഥിതി തുടരുന്നതാണ് അഭികാമ്യമെന്ന് ചീഫ് എഞ്ചിനീയർ 20.07.2017-ലെ DB1-11105/15/CE/തസ്വഭവ കത്തു പ്രകാരം റിപ്പോർട്ട് നല്കിയിരുന്നത്. ഈ വിഷയം വിശദമായി പരിശോധിച്ചു. തൊഴിലാളികളുടെ സൊസൈറ്റികളെ പ്രോത്സാഹിപ്പിക്കേണ്ടത് ഒരു സാമൂഹ്യ ബാദ്ധ്യതയാണെന്ന് യോഗം നിരീക്ഷിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിബന്ധനയോടെ 10 ശതമാനം അധിക നിരക്ക് ലേബർ കോൺട്രാക്റ്റ് സൊസൈറ്റികൾക്ക് അനുവദിക്കാൻ യോഗം തീരുമാനിച്ചു.

(i) നിർമ്മാണ പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് പൂർത്തീകരിക്കുവാൻ കഴിയുന്ന ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾക്ക് മാത്രമേ മുൻഗണനാ ആനുകൂല്യങ്ങൾ അനുവദിക്കാൻ പാടുള്ളൂ.

(ii) ഏറ്റവും ഒടുവിലത്തെ സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പ്രകാരമുള്ള തുകയ്ക്കുള്ള നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു പൂർത്തിയാക്കിയിരിക്കണം.

(1) A ക്ലാസ് ലേബർ സഹകരണ സംഘം - 500 ലക്ഷം രൂപ

(2) B ക്ലാസ് ലേബർ സഹകരണ സംഘം - 300 ലക്ഷം രൂപ

(3) C ക്ലാസ് ലേബർ സഹകരണ സംഘം - 100 ലക്ഷം രൂപ

എന്നാൽ 2017-18 വർഷത്തിലേയ്ക്ക് മാത്രം അർഹത കണക്കാക്കുന്നതിന് 2015-16, 2016-17 വർഷങ്ങളിലെ നിർമ്മാണ പ്രവൃത്തികളുടെ ആകെ തുക പരിഗണിക്കാവുന്നതാണ്.

(iii) മേൽ കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിക്കൊണ്ട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാറിൽ നിന്നുള്ള സാക്ഷ്യപത്രം ഓരോ ടെണ്ടറിന്റേയും കൂടെ ഹാജരാക്കണം.

നടപടി : തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**2.10** രണ്ട് ഹെക്ടർവരെയുള്ള നെൽകൃഷിക്കായി നെൽ വിത്ത് 'കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിയിൽ' നിന്നു വാങ്ങുമ്പോൾ നിലവിലെ വില തന്നെ സബ്സിഡിയായി നൽകാവുന്നതാണ്. കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റിയിൽ നിന്നാണ് നെൽവിത്ത് വാങ്ങുന്നതെങ്കിൽ 2 ഹെക്ടർ വരെ സ്ഥലമുള്ള കർഷകർക്ക് 3500/- രൂപ എന്ന പരിധി ബാധകമല്ല.

നടപടി : തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

**2.11** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അറ്റകുറ്റപ്പണിയോ നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗരേഖയ്ക്ക് അനുസൃതമായുള്ള ചെലവിനങ്ങളോ വേണ്ടി വരില്ല എന്ന് സ്ഥാപന മേധാവിയും ബന്ധപ്പെട്ട എഞ്ചിനീയറും സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ നോൺ റോഡ് മെയിന്റനൻസ് തുക പുതിയ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

നടപടി : തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**2.12** ആലപ്പുഴ ജില്ലയിലെ മിക്ക പ്രദേശങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണ്ണ് ലഭിക്കുന്നില്ല. മണ്ണിനായി സമീപ ജില്ലകളെയാണ് ആശ്രയിക്കുന്നത്. സമീപ ജില്ലയിൽ നിന്ന് മണ്ണ് കൊണ്ടുവരുന്നതിനുള്ള റേറ്റ് കുറവായതിനാൽ പല പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല. അതിനാൽ ആലപ്പുഴ ജില്ലയ്ക്ക് മണ്ണിനു വേണ്ടി പി.ഡബ്ല്യു.ഡി. വകുപ്പ നിശ്ചയിക്കുന്ന നിരക്ക് നൽകാവുന്നതാണ്.

## 3 <u>പ്രത്യേക വിഷയങ്ങൾ</u>

### 3.1 <u>കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റിന്റെ 11.07.2017-ലെ KGPA LM/2017071103-ാം നമ്പർ കത്ത്</u>

2017-18 വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ഐ.കെ.എം. സുലേഖ സോഫ്റ്റ് വെയറിൽ താഴെപ്പറയുന്ന ക്രമീകരണം നടത്തണമെന്നത് സംബന്ധിച്ച്

1) പ്രോജക്ട് പരിശോധനാ സമയത്ത് വെറ്റിംഗ് ഓഫീസർ പ്രോജക്ടുകളിൽ ഭേദഗതി നിർദ്ദേശിക്കാറുണ്ട്. കൂടാതെ ചില പ്രോജക്ടുകൾക്ക് അനുമതി നിരസിക്കാറുമുണ്ട്. പ്രോജക്ടുകളിൽ ഭേദഗതി വരുത്താനും നിരസിക്കപ്പെട്ട പ്രോജക്ടുകൾക്ക് പകരം പ്രോജക്ടുകൾ തയ്യാറാക്കാനും സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമൊരുക്കണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>**- ഇതിനുള്ള ക്രമീകരണം ഐ.കെ.എം. സോഫ്റ്റ് വെയറിൽ ചെയ്തിട്ടുണ്ട്. പൊതു തീരുമാനം ഖണ്ഡിക 3 ബാധകമാണ്.

നടപടി :- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
തദ്ദേശസ്വയംഭരണ വകുപ്പ്

2) ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ പഞ്ചായത്തുകൾക്ക് ടെണ്ടർ മിച്ചമായി ലഭിച്ച തുക ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>** - ഇതിനുള്ള സൗകര്യം പിന്നീട് ചെയ്യുന്നതാണ്.

നടപടി :- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
തദ്ദേശസ്വയംഭരണ വകുപ്പ്

3) സാമൂഹ്യസുരക്ഷാ പെൻഷനിൽ പുതിയതായി ചേർക്കുന്നവരുടെ പേര് നിലവിൽ ഡാറ്റാ എൻട്രി ചെയ്യാൻ കഴിയുന്നില്ല. ഇതിന് ക്രമീകരണമൊരുക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** - ഓണം കഴിഞ്ഞ് ഇതിനുള്ള ക്രമീകരണം ചെയ്യുന്നതാണ്.

നടപടി :- എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
തദ്ദേശസ്വയംഭരണ വകുപ്പ്

3.2 **ചേർത്തല മുനിസിപ്പൽ സെക്രട്ടറിയുടെ 19.07.2017-ലെ കത്ത്**

2013-14 വർഷം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 1.55 കോടി രൂപയുടെ പ്രോജക്ട് എടുത്തിരുന്നു (പ്രോ.നം.152/14). 17.00 ലക്ഷം രൂപ പ്ലാൻ ഫണ്ടും ബാക്കി തുക ലോണും ആയിരുന്നു. 2015-16-ൽ കരാർ വച്ച് നിർമ്മാണം ആരംഭിച്ചു. ഇപ്പോൾ 80 ശതമാനം പൂർത്തിയായി. KURDFC – യിൽ നിന്നാണ് ലോൺ പ്രതീക്ഷിച്ചിരുന്നത്. ലോൺ കിട്ടിയില്ല. അതിനാൽ ഈ പ്രോജക്ട് 2017-18-ലെ പദ്ധതി വിഹിതമോ തനത് ഫണ്ടോ ഉപയോഗിച്ച് ഭേദഗതിയോടെ 2017-18-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** - സ്രോതസ്സ് ഉറപ്പാക്കാതെ നിർമ്മാണ പ്രവർത്തനം തുടങ്ങിയ നടപടി ശരിയായില്ല. നഗരകാര്യ ഡയറക്ടർ ഇതു പരിശോധിച്ച് റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുൻപ് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി :- തദ്ദേശസ്വയംഭരണ(ഡിസി) വകുപ്പ്

3.3 **പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 28.06.2017-ലെ P1-870/14-ാം നമ്പർ കത്തും 24.06.2017-ലെ IE(9)-ാം നമ്പർ ഭരണസമിതി തീരുമാനവും**

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി 371 പട്ടികജാതി ഗുണഭോക്താക്കൾക്ക് വീട് വയറിംഗിന് ഒരു കുടുംബത്തിന് 4500/-രൂപ വീതം കെ.എസ്.ഇ.ബി.യിൽ ഡെപ്പോസിറ്റ് ചെയ്തു. ജില്ലാ പഞ്ചായത്ത് നേരിട്ട് ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്തതിന് സാധൂകരണം സംബന്ധിച്ച്

**തീരുമാനം-** സാധൂകരണം നൽകുന്നു.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.4 വെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10.07.2017-ലെ A4-466/17-ാം നമ്പർ കത്തും 26.04.2017-ലെ 28(1)-ാം നമ്പർ ഭരണസമിതി തീരുമാനവും**

2016-17 വർഷത്തെ തോട്ടറ പുഞ്ചയിൽ പെട്ടിയും പറയും, മോട്ടോറും, മോട്ടോർ പുരയും എന്ന പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി തുടരുന്നുണ്ട്. ആകെ അടങ്കൽ 19.85 ലക്ഷം രൂപ. 2016-17-ലെ മാർഗരേഖ പ്രകാരം 10 ശതമാനം തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കണം. ഇതൊഴിവാക്കി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം** – സ്പിൽഓവർ പ്രോജക്ട് ഭേദഗതി വരുത്തി ഗുണഭോക്തൃ വിഹിതം ഒഴിവാക്കിയാൽ ക്യാരിഓവർ തുക ലഭിക്കില്ല. അതിനാൽ ഈ വർഷത്തെ വിഹിതം ഉപയോഗിച്ച് ഗുണഭോക്തൃ വിഹിതം കണ്ടെത്താവുന്നതാണ്.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

**3.5 കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡിന്റിന്റെ 17.07.2017-ലെ കത്ത്**

കിഡ്നി, ക്യാൻസർ, എയ്ഡ്സ് രോഗികളെ സഹായിക്കാൻ വേണ്ടിയുള്ള ജീവ കാരുണ്യ പദ്ധതിയായ സ്നേഹ സ്പർശം 2011 മുതൽ ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നുണ്ട്. ഇതിലേയ്ക്ക് നഗരസഭകളടക്കം മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തുക വകയിരുത്തുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – സംയുക്ത പ്രോജക്ട് എന്ന നിലയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ജില്ലാ ആസൂത്രണ സമിതിയുടെ ആഭിമുഖ്യത്തിൽ ചർച്ച ചെയ്ത് സംയുക്ത പ്രോജക്ടുകൾ എടുക്കാവുന്നതാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറി കൺവീനറായി നടപ്പാക്കുന്ന ഈ പദ്ധതി പ്രത്യേകമായി ഓഡിറ്റ് ചെയ്യണം. ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം. ഈ നിബന്ധനകൾ പാലിക്കണം.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.

**3.6 തൊടുപുഴ നഗരസഭാ പ്രസിഡന്റിന്റെ 18.07.2017-ലെ കത്ത്**

2016-17 വർഷം സ്കൂളിന് 'പുതിയ കെട്ടിട നിർമ്മാണം' (പ്രോ.നം.109/17- അടങ്കൽ 43.00 ലക്ഷം രൂപ) എന്ന പ്രോജക്ട് ടെണ്ടർ ചെയ്തു. ഇതിന്റെ ടെണ്ടർ സേവിംഗ്സ് ആയി 8,29,210/- രൂപയുണ്ട്. ഈ തുക ഉപയോഗിച്ച് സ്കൂൾ കെട്ടിടത്തിന്റെ മറ്റു സിവിൽ വർക്ക്സ് ചെയ്യാൻ അനുമതി സംബന്ധിച്ച്

**തീരുമാനം**– ടെണ്ടർ സേവിംഗ്സ് ക്യാരിഓവർ തുകയായി ലഭിക്കില്ല.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്.

3.7 **ബഹു. മൂവാറ്റുപുഴ എം.എൽ.എയുടെ 17.07.2017-ലെ 353/17/MVPA നമ്പർ കത്തും കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡിന്റിന്റെ 17.072017-ലെ P1/2017-ാം നമ്പർ കത്തും 15.05.2017-ലെ 1(2) -ാം ഭരണസമിതി തീരുമാനവും**

ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 20.00 ലക്ഷം രൂപ വകയിരുത്തി ഗ്രാമപഞ്ചായത്തിന് ഓഫീസ് കെട്ടിടം പണിയുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – ഓഫീസ് കെട്ടിടത്തിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്.

3.8 **കുമളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.07.2017-ലെ A3-6021/17-ാം നമ്പർ കത്തും 04.07.2017-ലെ 32(8) നമ്പർ ഭരണസമിതി തീരുമാനവും**

ഖരമാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ശുചീകരണ തൊഴിലാളികൾക്ക് വികസന ഫണ്ടിൽ നിന്ന് വേതനം നൽകാനുള്ള പ്രോജക്ടിന് വെറ്റിംഗ് ഓഫീസർ ആയ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അംഗീകാരം നൽകിയിട്ടില്ല. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം** – പ്രത്യേക അനുമതി നൽകുന്നു.

നടപടി :- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്.

3.9 **നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.07.2017-ലെ കത്തും 19.07.2017-ലെ 2(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

കുറ്റിലഞ്ഞി ഗവ. യു.പി.എസ്, തൃക്കരിയൂർ ഗവ. എൽ.പി.എസ്. എന്നീ സ്കൂളുകളിലേയ്ക്ക് തനത് ഫണ്ടും പി.റ്റി.എ ഫണ്ടും ചേർത്ത് വാഹനം വാങ്ങാൻ 2017-18 വർഷം പ്രോജക്ട് വകയിരുത്തിയിട്ടുണ്ട്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം** – വെറ്റിംഗ് നടക്കാത്ത പ്രോജക്ടാണ്. 12.07.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം വെറ്റിംഗ് ഓഫീസർ/അപ്പീൽ കമ്മിറ്റികളുടെ തീരുമാനത്തിനു ശേഷമുള്ള അപ്പീലുകളെ കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയുള്ളൂ.

നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

3.10 **തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 12.07.2017-ലെ കത്ത്**

ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഐ.എം.എ ബ്ലഡ് ബാങ്ക് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഈ പദ്ധതിക്ക് തുക വകയിരുത്താൻ 27.03.2000 -ലെ 39311/ഡി.പി/3/99 തസ്വഭവ നമ്പറായി ജില്ലാ പഞ്ചായത്തിന് അനുമതി നൽകിയിരുന്നു. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയ്ക്കും ജില്ലാ പഞ്ചായത്തിനൊപ്പം തുക വകയിരുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം**– സംയുക്ത പ്രോജക്ട് എന്ന നിലയിൽ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലയിൽ തീരുമാനമെടുക്കാവുന്നതാണ്.

നടപടി :– തദ്ദേശസ്വയംഭരണ(ഡി.എ/ഡി.ബി) വകുപ്പ്

3.11 **ബഹു. കൃഷി വകുപ്പമന്ത്രിയുടെ 20.06.2017–ലെ 107/LR/mc Agri)/17– ാം നമ്പർ കത്ത്**

മാർഗരേഖ പ്രകാരം നെൽവിത്ത് സബ്സിഡി പരമാവധി നൽകാവുന്നത് 3500/– രൂപയാണ്. ഇപ്രകാരം പരിധി നിശ്ചയിക്കുന്നതിനു പകരം 2 ഹെക്ടർവരെയുള്ള കൃഷിക്കായി വിത്ത് **'**കേരള സംസ്ഥാന വിത്ത് വികസന അതോറിട്ടിയിൽ**'** നിന്നു വാങ്ങുമ്പോൾ നിലവിലെ വില തന്നെ സബ്സിഡിയായി നൽകുന്ന രീതി ആക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം:–** അനുമതി നൽകുന്നു.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

3.12 **അടിമാലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.07.2017–ലെ A3–666/2017 –നമ്പർ കത്ത്**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായ ഇ–ടെണ്ടർ പ്രവൃത്തികളുടെ ഫാറ വില, മുൻകൂർ നിരതദ്രവ്യം മുതലായവ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. പഞ്ചായത്തിനു ലഭിക്കേണ്ട ഈ തുക തിരികെ ലഭിക്കുന്നില്ല. പഞ്ചായത്ത് അക്കൗണ്ടിൽ തന്നെ തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:–**

1) ഇത് പരിഹരിക്കാനുള്ള ക്രമീകരണം ചെയ്യാൻ ഐ.ടി. മിഷൻ ചെയ്യേണ്ടതാണ്.
2) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭിച്ച തുകയിൽ ഗ്രാമപഞ്ചായത്തിനു ലഭിക്കേണ്ട തുക പഞ്ചായത്തിന് കൈമാറുന്നതിന് ആവശ്യമായ നടപടി തദ്ദേശഭരണ ചീഫ് എഞ്ചീനീയർ സ്വീകരിക്കണം. പൊതു തീരുമാന പ്രകാരം (ഖണ്ഡിക 6) നടപടി സ്വീകരിക്കണം.

നടപടി :–1) തദ്ദേശസ്വയംഭരണ(ഇ. ഡബ്ല്യൂ) വകുപ്പ്
2) ഡയറക്ടർ, ഐ.ടി. മിഷൻ)

3.13 **ബഹു. നെയ്യാറ്റിൻകര എം.എൽ.എയുടെ 14.07.2017–ലെ കത്തും ചെങ്കൽ ഗ്രാമപഞ്ചായത്തിന്റെ 03.07.2017–ലെ 1(4)–ാം നമ്പർ ഭരണസമിതി തീരുമാനവും**

2017–18 വാർഷിക പദ്ധതിയിലെ വലിയകുളം ജലോത്സവം (പ്രോ.നം. 317/18 അടങ്കൽ 5.00 ലക്ഷം രൂപ. തനത് ഫണ്ട്) എന്ന പ്രോജക്ട് ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചില്ല. ഇതിന് പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം :–** പ്രോജക്ടുകളോ മറ്റു വിശദാംശങ്ങളോ നൽകിയിട്ടില്ല. ജില്ലാ ആസൂത്രണസമിതി മിനിട്സ് അടക്കം വിശദ വിവരങ്ങൾ സമർപ്പിച്ചതിനുശേഷം പിന്നീട് പരിഗണിക്കുന്നതാണ്.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

3.14 **വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.05.2017–ലെ BPS–151/2017–ാം നമ്പർ കത്ത്**

2017–18 വർഷം വനിതാ മേഖലയിൽ (SCSP) ഉൾപ്പെടുത്തി പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് ലാപ് ടോപ് നൽകുന്നതിന് ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറാൻ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. പ്രത്യേക അനുമതി സംബന്ധിച്ച്

**തീരുമാനം:–** ജില്ലാതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമാണ്.

നടപടി :– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

3.15 **ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.07.2017–ലെ 3492/A/2014/SM–നമ്പർ കത്ത്**

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)ന്റെ 2017–18 വാർഷിക നിർവഹണ പ്ലാൻ പ്രകാരം സംസ്ഥാനത്ത് വിവിധ പഞ്ചായത്തുകളിൽ ഈ സാമ്പത്തിക വർഷത്തിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളും ഖര–ദ്രവ മാലിന്യ സംസ്കരണ പ്രോജക്ടുകളും ഏറ്റെടുത്ത് പൂർത്തിയാക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള ഫണ്ട് ജില്ലയിൽ ലഭ്യമാണ്. പല തദ്ദേശഭരണ സ്ഥാപനങ്ങളും 2017–18 വാർഷിക പദ്ധതിയിൽ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പ്രകാരം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. അതിനാൽ വാർഷിക പദ്ധതി ഭേദഗതി സമയത്ത് ഇത്തരം പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നതിനും ഇതിനായി സോഫ്റ്റ് വെയറിൽ സൗകര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം** :– പൊതു തീരുമാനം ഖണ്ഡിക 3.VIII പ്രകാരം ഇതും ഉൾപ്പെടുത്താവുന്നതാണ്. ഇതു കൂടി ഉൾപ്പെടുത്താൻ അനുമതി നൽകുന്നു.

നടപടി :– തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

3.16 **വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21.07.2017–ലെ കത്ത്**

വാഴൂർ പ്രാഥമിക ആരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി. ഇവിടെ ലാബ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇതിനായി ഗ്രാമപഞ്ചായത്ത് 20.00 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കി ഡി.പി.സി. അംഗീകരിച്ചിട്ടുണ്ട്. ഈ തുകയും

സർക്കാർ പ്രത്യേകമായി അനുവദിക്കുന്ന തുകയും സംയോജിപ്പിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നത് നാഷണൽ ഹെൽത്ത് മിഷൻ ആണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് വിഹിതം നാഷണൽ ഹെൽത്ത് മിഷനു കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ അനുമതി സംബന്ധിച്ച്

**<u>തീരുമാനം</u>:-** അനുമതി നൽകുന്നു.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.17 <u>മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റിന്റെ 21.07.2017-ലെ കത്തും 20.07.2017-ലെ 11(2) -ാം നമ്പർ ഭരണസമിതി തീരുമാനവും</u>**

2016-17-ൽ വൃദ്ധസദനത്തിനുള്ള കെട്ടിട നിർമ്മാണത്തിന് ബ്ലോക്ക് പഞ്ചായത്തിന്റെ 35.00 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിന്റെ 15.00 ലക്ഷം രൂപയും ചേർത്ത് 50.00 ലക്ഷം രൂപ സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ച് ഈ തുക പി.ഡബ്ല്യൂ.ഡി. കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റായി നൽകുകയും ചെയ്തു. ബാക്കി നൽകാനുള്ള 22.50 ലക്ഷം രൂപ ഈ വർഷം നൽകണം. ഈ വർഷം ഓൺലൈൻ ബില്ലിംഗ് സമ്പ്രദായ മായതിനാൽ തുക പി.ഡബ്ല്യൂ.ഡിക്ക് (കെട്ടിടം) നൽകാൻ കഴിയുന്നില്ല. പ്രത്യേക അനുമതി സംബന്ധിച്ച്.

**<u>തീരുമാനം</u>:-** അനുമതി നൽകുന്നു

നടപടി:-1) തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്
2) ധനകാര്യ വകുപ്പ്

**3.18 <u>തിരുവനന്തപുരം മേയറുടെ 08.012.2016-ലെ J2/ICDS/TV3/90/16--ാം നമ്പർ കത്തും ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 05.06.2016-ലെ 1751/16/TVPM നമ്പർ ഉത്തരവും (LSGD-DA1/462/2017/LSGD)</u>**

ബഹു. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ശ്രവണ സംസാര വൈകല്യമുള്ളവർക്ക് ടോക്കിംഗ് സൗകര്യത്തോടുകൂടിയ ലാപ് ടോപ് , സ്കാനർ, പ്രിന്റർ എന്നിവ വാങ്ങി നൽകാൻ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയോട് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം മാർഗരേഖയിൽ ഭേദഗതി വരുത്തണമെന്നതു സംബന്ധിച്ച്

**<u>തീരുമാനം</u>:-** ഇതു കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

**3.19 <u>കരുനാഗപ്പള്ളി നഗരസഭാ ചെയർപേഴ്സന്റെ 15.02.2017-ലെ (നഗരസഭാ ഡയറക്ടറുടെ 27.05.2017-ലെ DC3- 6814/17-ാം നമ്പർ കത്ത് (691/DC3/17/LSGD)</u>**

നഗരസഭയിൽ മുനിസിപ്പൽ ടവർ പണിയുന്നതിന് 6.30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2016-17 വർഷം വികസനഫണ്ടിൽ നിന്ന് 83.00 ലക്ഷം രൂപ മുനിസിപ്പാലിറ്റി വകയിരുത്തിയിരുന്നു.

3.00 കോടി രൂപ KURDFC യില നിന്ന് ലോണും 1.5 കോടി രൂപ സർക്കാർ സഹായവും പ്രതീക്ഷിക്കുന്നു. ബാക്കി തുക നഗരസഭ ഈ വർഷം വകയിരുത്തും എന്ന് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇപ്രകാരം പ്രോജക്ട് നടപ്പാക്കാനും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റിയെ നിർമ്മാണം ഏൽപ്പിക്കാനും അനുമതി സംബന്ധിച്ച്

**തീരുമാനം:-** വകുപ്പുതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

നടപടി :- തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

**3.20 ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19.06.2017-ലെ A-1752/17-ാം നമ്പർ കത്തും 08.05.2017-ലെ 1(2)-ാം നമ്പർ ഭരണസമിതി തീരുമാനവും**

കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 5 ആർ.ഒ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിന് ഇപ്പോൾ അറ്റകുറ്റപ്പണി ആവശ്യമായി വന്നിട്ടുണ്ട്. യൂസേഴ്സ് ഫീ ഉപയോഗിച്ച് കറന്റ് ചാർജും ഓപ്പറേറ്റർക്ക് വേതനവും നൽകുന്നുണ്ട്. അറ്റകുറ്റപ്പണി നടത്താൻ പഞ്ചായത്ത് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ടോ പ്ലാൻ ഫണ്ടോ ഉപയോഗിക്കാൻ അനുമതി നൽകുന്നു.

നടപടി :- തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്

**3.21 പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.07.2017-ലെ 500/17/DPO/PKD/DPC-നമ്പർ കത്തും ഒറ്റപ്പാലം നഗരസഭാ സെക്രട്ടറിയുടെ 13.07.2017-ലെ കത്തും**

ഒറ്റപ്പാലം നഗരസഭ 2016-17-ൽ ഹഡ്കോ, KURDFC എന്നിവയിൽ നിന്നുള്ള വായ്പ തിരിച്ചടവിന് പ്ലാൻ ഫണ്ടിൽ നിന്നും (892754 രൂപ) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (49,00,000/- രൂപ) തുക കൈമാറിയിട്ടുണ്ട്. വർഷാന്ത്യ കണക്ക് ശരിയാക്കുന്നതിന് ഐ.കെ.എം. സോഫ്റ്റ് വെയറിൽ ആവശ്യമായ ക്രമീകരണം നടത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം:-** ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കുന്നതിൽ നിയന്ത്രണമുണ്ട്. വിശദാംശങ്ങൾ നൽകിയിട്ടില്ല. ഇവ നൽകണം. നൽകുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും

നടപടി :- തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്

**3.22 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 22.07.2017-ലെ കത്ത്**

വാർഷിക പദ്ധതിയിലെ ജൈവശ്രീ വനിതാ ഗ്രൂപ്പുകൾക്ക് ജൈവ പച്ചക്കറി, നടീൽ വസ്തുക്കൾ വിതരണം (പ്രോ.നം.64/18, അടങ്കൽ 84,400 രൂപ) വെറ്റിംഗ് ഓഫീസർ അംഗീകരിച്ചില്ല. അനുമതി സംബന്ധിച്ച്

**തീരുമാനം:-** ജില്ലാതല അപ്പീൽ കമ്മിറ്റി പരിഗണിക്കേണ്ട വിഷയമാണ്.

നടപടി :- തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പ്

**3.23 മഹാത്മാഗാന്ധി സർവകലാശാല രജിസ്ട്രാറുടെ 20.06.2017-ലെ രജിസ്ട്രാർ D3/12/14.1.2017-ാം നമ്പർ കത്ത് (LSGD - DA1/447/2017/LSGD)**

പരിസ്ഥിതി സൗഹാർദ്ദ ജൈവ പദ്ധതിക്കായി 2.58 കോടി രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയെ ജൈവ സാക്ഷരതാ ജില്ലയായി മാറ്റാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ എല്ലാ മുനിസിപ്പൽ വാർഡുകളിലും ഗ്രാമപഞ്ചായത്ത് വാർഡുകളിലും എൻ.എസ്.എസ്. പ്രവർത്തകർ നേരിട്ട് ചെന്ന് ജൈവ അവബോധം നടത്താൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ സഹായങ്ങൾ, വീടുകളുടെ എണ്ണം , ജനസംഖ്യ എന്നീ വിവരങ്ങൾ കുടുംബശ്രീ പ്രവർത്തകരുടെ സേവനം എന്നിവ നൽകണമെന്നു സംബന്ധിച്ച്

**തീരുമാനം:-** ജില്ലാ ആസൂത്രണ സമിതിയും ജില്ലാ കളക്ടറും ആവശ്യമായ നിർദ്ദേശങ്ങൾ കോട്ടയം ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

2) ജില്ലാ കളക്ടർ, കോട്ടയം

**3.24 പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.06.2017-ലെ കത്തും 29.05.2017-ലെ 3-ാം നമ്പർ ഭരണ സമിതി തീരുമാനവും**

നാളികേര-നീര ഉത്പാദനത്തിന് വേണ്ടി പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് മാർഗരേഖയിലും സുലേഖ സോഫ്ട് വെയറിലും വേണ്ട ഉൾപ്പെടുത്തലുകൾ വരുത്തണമെന്നും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത സംഘങ്ങളെ നിർവഹണ ഏജൻസിയായി പരിഗണിക്കണമെന്നതും സംബന്ധിച്ച്

**തീരുമാനം:-** കൃഷി ഓഫീസറെ നിർവഹണ ഉദ്യോഗസ്ഥനായി നിശ്ചയിക്കേണ്ടതാണ്. നിർവ്വഹണം എങ്ങനെ നടത്തണമെന്നത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനവും നിർവഹണ ഉദ്യോഗസ്ഥനും തീരുമാനിക്കാവുന്നതാണ്. നീര

ഉത്പാദനത്തിന് പ്രോജക്ട് വയ്ക്കാൻ സുലേഖയിൽ ആവശ്യമായ ക്രമീകരണം നടത്തുന്നതിന് തീരുമാനിച്ചു.

നടപടി :– (1) തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്

(2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം)

**3.25 <u>ചമ്പക്കുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.07.2017–ലെ കത്ത്</u>**

പഞ്ചായത്തിലെ ഗവ.ഹോമിയോ ആശുപത്രികെട്ടിടം പണിതിട്ട് 11 വർഷമായി. വെള്ളപ്പൊക്കം മൂലം കെട്ടിടം ഭൂമി നിരപ്പിൽ നിന്നു താഴെയാണ്. ഇതു പൊളിച്ചുമാറ്റി പുതിയതു പണിയുന്നതിനു പകരം കെട്ടിടം ഉയർത്തുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് കെട്ടിടം ഉയർത്തി അടിത്തറ ബലപ്പെടുത്താൻ അനുമതിയും ഇതിന്റെ എസ്റ്റിമേറ്റ്, റേറ്റ് മുതലായവ നിശ്ചയിക്കുന്നത് സംബന്ധിച്ചും

**<u>തീരുമാനം:–</u>** ഇതു വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്

**3.26 <u>തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 11.07.2017–ലെ</u>** <u>DB3–753/12/CE/</u>**<u>തസ്വഭവ കത്ത്</u>**

ആലപ്പുഴ ജില്ലയിലെ മിക്ക പ്രദേശങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണ്ണ് ലഭിക്കുന്നില്ല. മണ്ണിനായി സമീപ ജില്ലകളെയാണ് ആശ്രയിക്കുന്നത്. സമീപ ജില്ലയിൽ നിന്ന് മണ്ണ് കൊണ്ടുവരുന്നതിനുള്ള റേറ്റ് കുറവായതിനാൽ പല പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പാക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല. അതിനാൽ ആലപ്പുഴ ജില്ലയിലേത് ഉൾപ്പെടെയുള്ള തീരപ്രദേശ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മണ്ണിന് പൊതു മരാമത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയ്ക്ക് മാത്രമായി നൽകുന്നത് പോലെയുള്ള വിലയും, യഥാർത്ഥ കടത്തു കൂലിയും മാർക്കറ്റ് റേറ്റായി അംഗീകരിക്കുന്നതിന് അനുമതി സംബന്ധിച്ച്

**<u>തീരുമാനം:–</u>** ആലപ്പുഴ ജില്ലയ്ക്ക് പി.ഡബ്ല്യു.ഡി. വകുപ്പ നിശ്ചയിക്കുന്ന നിരക്ക് നൽകാൻ അനുമതി നൽകുന്നു.

നടപടി :– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്

3.27 **തൃശ്ശൂർ കോർപ്പറേഷൻ മേയറുടെ 10.07.2017–ലെ കത്ത്**

പകർച്ചപ്പനി നിയന്ത്രണ വിധേയമാക്കുന്നതിന് തൃശ്ശൂർ കോർപ്പറേഷൻ ജനറൽ ആശുപത്രിയിൽ 2 ഡോക്ടർമാർ, 4 പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ താൽക്കാലികമായി നിയമിക്കുന്നതിനു അനുമതി ആവശ്യപ്പെട്ടിരിക്കുന്നു

**തീരുമാനം:–** 22.07.2017–ലെ 2535/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാവുന്നതാണ്.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

3.28 **കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.07.2017–ലെ 5252/ m/2017/KSHO/നമ്പർ കുറിപ്പ്**

മാലിന്യ സംസ്കരണ പ്ലാന്റുകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുടുംബശ്രീ മുഖേന ശേഖരിക്കാനും ഒരാൾക്ക് പ്രതിദിനം 600/– രൂപ വേതനം നൽകാനും നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ചും പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് വാഹനം വാങ്ങാനും അനുമതി സംബന്ധിച്ച്

**തീരുമാനം:–** (1) 600 രൂപ ദിവസ വേതാനാടിസ്ഥാനത്തിൽ കുടുംബശ്രീ അംഗങ്ങളെ നിയമിക്കാൻ അനുമതി നൽകുന്നു. എത്രപേരെ നിയമിക്കണമെന്നത് ആവശ്യമനുസരിച്ച് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കണം.

(2) കുടുംബശ്രീ അംഗങ്ങൾ ആണ് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതെങ്കിൽ മാത്രം ഗുഡ്സ് ഓട്ടോ വാങ്ങാവുന്ന താണ്. ഇതിന്റെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

നടപടി :– തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്

3.29 **കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.07.2017–ലെ 5252/ m/2017/KSHO/നമ്പർ കുറിപ്പ്**

കുടുംബശ്രീക്ക് 14 ജില്ലകളിലായി 18 പരിശീലന ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നു . ഈ പരിശീലന ഗ്രൂപ്പുകളുടെ കൺസോർഷ്യം ആണ് കളക്ടീവ്സ് ഓഫ് ട്രെയിനിംഗ് സെന്റേഴ്സ് **(CTC).** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന താഴെപ്പറയുന്ന മേഖലകളിലെ പരിശീലനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ സംസ്ഥാന കൺസോർഷ്യത്തെ **(CTC)** യെ അംഗീകൃത ഏജൻസിയായി അംഗീകരിക്കണ മെന്നതു സംബന്ധിച്ച്.

1) പ്രാദേശിക സാമ്പത്തിക വികസനം – പദ്ധതി രൂപീകരണവും നടത്തിപ്പ സഹായവും
2) പദ്ധതി ആസൂത്രണവും വിലയിരുത്തലും
3) പഞ്ചായത്തീരാജ് ജനപ്രതിനിധികൾക്കുള്ള വിവിധ പരിശീലനങ്ങൾ
4) സ്ത്രീ ശാക്തീകരണവും സ്ത്രീ പദവി സ്വയം പഠന പ്രക്രിയയും
5) സുസ്ഥിര കാർഷിക വികസനവും ജെ.എൽ.ജി. സംഘകൃഷിയും
6) സോഷ്യൽ ഓഡിറ്റിംഗ്
7) ബാലസഭ
8) റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ
9) വിവിധ സർവേ പ്രവർത്തനങ്ങളും എസ്.പി.എസ്.എസ്. സർവേ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള ഡാറ്റാ അനാലിസിസ് ആന്റ് പ്രോസസിംഗ് ഡോക്യുമെന്റേഷനും
10) പ്രത്യേക പരിഗണന അർഹിക്കുന്ന ജനവിഭാഗങ്ങളുടെ കാര്യശേഷി വികസനം
11) വിവിധ ബഹുജന കാമ്പയിനുകൾക്കായുള്ള പരിശീലനം
12) ആരോഗ്യ ശുചിത്വ മേഖലയിലെ പരിശീലനങ്ങളും ടി മേഖലയിലെ ബഹുജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും

**<u>തീരുമാനം</u>:–** മുകളിൽ പറഞ്ഞവ ഓരോ വകുപ്പുമായും ബന്ധപ്പെട്ടവയാണെന്നും അതാത് വകുപ്പുകൾ നടപ്പാക്കുന്ന പരിശീലന പരിപാടികൾ ബന്ധപ്പെട്ട വകുപ്പാണ് തീരുമാനിക്കേണ്ടതെന്നും യോഗം നിരീക്ഷിച്ചു.

കില ഡയറക്ടറും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറും ഇത് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനമെടുക്കും.

നടപടി :– 1) തദ്ദേശസ്വയംഭരണ (ഡി.സി)വകുപ്പ്
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
3) ഡയറക്ടർ, കില

3.30 **<u>കോട്ടയം ജില്ലാ കളക്ടറുടെ 25.07.2017–ലെ 490/17/DPC/DDO/KTM/നമ്പർ കത്തും വെച്ചൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 13.06.2017–ലെ A1–6348/16–ാാം നമ്പർ കത്തും</u>**

ലോക ബാങ്ക് വിഹിതമായി ലഭിച്ച 2.00 കോടി രൂപയിൽ ടെണ്ടർ സേവിംഗ്സ് ആയി ലഭിച്ച തുകയിൽ നിന്ന് താഴെപ്പറയുന്ന പ്രോജക്ട് എടുത്തിരുന്നു.

പ്രോജക്ട് നം. 127/16 കൊട്ടുത്തുരുത്ത് – മറ്റം എസ്.എൻ.ഡി.പി–വളച്ചകരി – വെച്ചൂർ റോഡും കലിംഗും (അടങ്കൽ 31,75,856/– രൂപ)

ഈ പ്രോജക്ട് SILK നെ ഏൽപ്പിക്കാൻ ഭരണ സമിതി തീരുമാനിച്ചു. ഇത് വെറ്റിംഗ് ഓഫീസർ ആദ്യം അംഗീകരിച്ചു. SILK ന് റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതല്ല എന്ന് വെറ്റിംഗ് ഓഫീസർ പിന്നീട് അറിയിച്ചതനുസരിച്ച് നടപടിക്രമങ്ങൾ മരവിപ്പിച്ചു. പിന്നീട് ഈ പ്രവൃത്തി സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ച് 31.03.2017–ന്

എഗ്രിമെന്റ് വച്ചു. ഇതിന് സാധൂകരണം ആവശ്യപ്പെട്ടിരിന്നു. 21.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്തിരുന്നതാണ്. റോഡ് നിർമ്മാണം സംസ്ഥാന നിർമ്മിതി കേന്ദ്രയെ ടെണ്ടർ കൂടാതെ ഏൽപ്പിക്കാവുന്നതല്ല എന്നും ഇ-ടെണ്ടർ ചെയ്ത് പ്രവൃത്തി നടപ്പാക്കാനും കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. സ്പിൽഓവർ ആയതിനാൽ മാറ്റം വരുത്തിയാൽ തുക നഷ്ടപ്പെടും എന്നതിനാൽ സംസ്ഥാന നിർമ്മിതികേന്ദ്രയെ കൊണ്ടുതന്നെ നിർവഹണം നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം:-** അനുമതി നിരസിക്കുന്നു. സ്പിൽഓവർ പ്രോജക്ട് എന്ന നിലയിൽ ഇ-ടെണ്ടർ ചെയ്ത് നടപ്പാക്കേണ്ടതാണ്.

നടപടി :- തദ്ദേശസ്വയംഭരണ(ഡി.എ/ഡി.സി) വകുപ്പ്

3.31 **കോട്ടയം ജില്ലാ കളക്ടറുടെ 490/17/DPC/DPO/KTM/ നമ്പർ കത്തും കോട്ടയം ആയുർവേദ DMOയുടെ 05.07.2017-ലെ G2-3268/17-നമ്പർ കത്തും**

ആയുഷ് വകുപ്പുമായി സഹകരിച്ച് വനിതകൾക്ക് യോഗ പരിശീലനം നൽകുന്ന പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് മാർഗരേഖയിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ പരിശീലകന് ഓണറേറിയം നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** 1) ഓണറേറിയം നൽകാവുന്നതാണ്.

2) 21.06.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ (ഖണ്ഡിക 2.9) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരിശീലകരുടെ യോഗ്യത/വേതനം എന്നിവ എത്രയെന്ന് ആയുഷ് വകുപ്പുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. അടുത്ത യോഗത്തിനു മുമ്പ് നിരക്കും യോഗ്യതയും നിശ്ചയിച്ചറിയിക്കണം.

നടപടി :- തദ്ദേശസ്വയംഭരണ വകുപ്പ്

3.32 **തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രിക്കൽ സെക്ഷൻ) അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് (ലഭിച്ചത് 12.07.2017)**

ഇലക്ട്രിക്കൽ പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും സാങ്കേതി കാനുമതി നൽകുന്നതിനും മറ്റും വിരമിച്ച എഞ്ചിനീയർമാരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു കമ്മിറ്റി 22.09.2015-ലെ 2878/2015/തസ്വഭവ നമ്പറായി രൂപീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രോജക്ടുകൾ വെറ്റ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ കൂടി ചുമതലപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാമ്പത്തിക പരിധിക്കുള്ള പ്രോജക്ടുകൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും അതിന പ്പുറത്തുള്ളത് പരിധിക്കു വിധേയമായി 22.09.2015-ലെ 2878/2015/ തസ്വഭവ നമ്പറായി രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച് മിനിട്സിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി കൺവീനറായ തദ്ദേശഭരണ എഞ്ചിനീ യർക്കും വെറ്റ ചെയ്യാവുന്നതാണ്. എന്നാൽ ഇലക്ട്രിക്കൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉള്ള ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ വെറ്റ ചെയ്യേണ്ടതാണ്. സാങ്കേതിക അനുമതി മുകളിൽ പറഞ്ഞ ഉത്തരവു പ്രകാരം നൽകേണ്ടതാണ്.

നടപടി :- തദ്ദേശസ്വയംഭരണ(ഇ. ഡബ്ല്യൂ.) വകുപ്പ്

3.33 **<u>കോഴിക്കോട് ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസറുടെ 27.07.1017ലെ കത്തും 12.07.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനവും (ഖണ്ഡിക 3.58)</u>**

കുട്ടികളുടെ പഠന പെരുമാറ്റ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി ചികിത്സിക്കുന്ന തിനുവേണ്ടി ആയുർവേദ മെഡിക്കൽ ഓഫീസർ മുഖേന 2013-14 മുതൽ **'സ്പന്ദനം'** എന്ന പ്രോജക്ട് നടപ്പാക്കി വരുന്നു. ഈ വർഷവും ഇതു തുടരാൻ അനുമതി ആവശ്യപ്പെട്ടിരുന്നു. ഇത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 12.07.2017-ലെ യോഗത്തിൽ പരിശോധിച്ചു. കഴിഞ്ഞ 4 വർഷമായ നടപ്പാക്കുന്ന ഈ പ്രോജക്ട് പ്രത്യേകമായി വിലയിരുത്തി കോഴിക്കോട് ആയുർവേദ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ചു. സ്പന്ദനം എന്ന പ്രോജക്ട് തുടരുന്നതിന്റെ അനുമതി സംബന്ധിച്ച്.

**<u>തീരുമാനം:-</u>** റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വർഷവും തുടരാൻ അനുമതി നൽകുന്നു.

നടപടി :- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്

**(യോഗം ഉച്ചകഴിഞ്ഞ് 2.30 മണിക്ക് അവസാനിച്ചു.)**